# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA IDK 7-877/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 7-877/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി എസ്.ധനജയൻ. ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി.സജിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എബി എബ്രഹാം സീ.ഗ്രേഡ് ഓഡിറ്റർ.
ശ്രീ. ബെന്നി മാത്യു. സീ.ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി.മായാ കൃഷ്ണൻ ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ ജി സിന്ധുകുമാർ | പ്രസിഡന്റ് | 01-04-2019 | 28-06-2019 |
| ശ്രീമതി ലിന്റാ സിബിൻ | പ്രസിഡന്റ് | 29-06-2019 | 31-03-2020 |
| ശ്രീ ഷാജു മാത്യു | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ പ്രീത സൈമൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി നൈനിമോൾ ഐ ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ബിജോയ് ജോൺ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ റിനു തോമസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാജി കെ ആർ | വി.ഇ.ഒ 1 | 15-10-2019 | 31-03-2020 |
| ശ്രീ ജോസൻ മാത്യു | വി.ഇ.ഒ 2 | 01-04-2019 | 31-03-2020 |
| ശ്രീ ജയിംസ് കെ ജോസഫ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 30-04-2019 |
| ശ്രീ ശ്രീകുമാർ ജി | അസിസ്റ്റന്റ് എൻജിനീയർ | 01-05-2019 | 22-07-2019 |
| ശ്രീ അജിത് എം.ജി | അസിസ്റ്റന്റ് എൻജിനീയർ | 23-07-2019 | 03-01-2020 |
| ശ്രീ ഷാഹുൽ ഹമീദ് പി | അസിസ്റ്റന്റ് എൻജിനീയർ | 04-01-2020 | 31-03-2020 |
| ഡോ. മീരാശ്രുതി | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2019 | 05-11-2019 |
| | | 06-11-2019 | 31-03- |

| | | | |
|---|---|---|---|
| ഡോ ജയാജീന. ജെ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | | 2020 |
| ഡോ മിനി പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സ്മിത രജിത് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 05-03-2020 |
| ഡോ. രമ്യ.എൻ.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-03-2020 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: Benny Mathew (Auditor, On 13-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Benny Mathew (Auditor, On 14-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Benny Mathew (Auditor, On 14-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 1-5 |
| 7 | ക്ഷേമ പെൻഷൻ<br>Written By: Anitta P Samuel (Asst. Audit Officer, On 16-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 1-8 |
| 10 | സെക്യേഡ് ലോൺ- രജിസ്റ്റർ അപൂർണ്ണം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-9 |
| 11 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 17-09-2021) | 1-9-1 |
| 12 | വസ്തു നികുതി-വർഷാവസാനം ലഭിക്കാനുള്ള തുക-സഞ്ചയ-സാംഖ്യ വ്യത്യാസം<br>Written By: Benny Mathew (Auditor, On 17-09-2021)<br>Last Updated By: Benny Mathew (Auditor, On 17-09-2021) | 1-9-2 |
| 13 | ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് -കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Benny Mathew (Auditor, On 22-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-9-3 |
| 14 | അസി എഞ്ചിനീയർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.<br>Written By: T.S.Dhanajayan (Audit Officer, On 30-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-9-4 |
| 15 | ലോഡ്ജിങ്ങ് ഹൗസുകൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു.<br>Written By: Maya Krishnan (Auditor, On 15-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-10 |
| 16 | വിവിധ ലേലങ്ങൾ-നടപടിക്രമങ്ങളിൽ കാലതാമസം<br>Written By: Maya Krishnan (Auditor, On 17-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-11 |
| 17 | മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണയിച്ചിട്ടില്ല | 1-12 |

| | | |
|---|---|---|
| | Written By: Maya Krishnan (Auditor, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | |
| 18 | ഘടകസ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങൽ - തുക കൈമാറി ഒന്നര വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 1-13 |
| 19 | സ്വകാര്യ വ്യക്തികൾക്ക് വേണ്ടി ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 17-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 27-09-2021) | 1-14 |
| 20 | തുടർസാക്ഷരത- ചെലവഴിച്ച തുകയുടെ വിനിയോഗവിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-15 |
| 21 | ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ- കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-16 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 13-09-2021)<br>Last Updated By: Benny Mathew (Auditor, On 13-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 18-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: V G Sajimon (Audit Officer, On 22-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 18-09-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: V G Sajimon (Audit Officer, On 22-09-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 14-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 14-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 14-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 18-09-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 30-09-2021) | 4-10 |
| 11 | | 4-11 |

| | | |
|---|---|---|
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 18-09-2021)<br>Last Updated By: Benny Mathew (Auditor, On 18-09-2021) | |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 01/11.02.2019 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 22.02.2019 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/ തീയതി | I/25.02.2019 |
| ബജറ്റ് പുതുക്കിയ തീരുമാനം/തീയതി | 10(2) /05.03.2020 |
| ബജറ്റ് സംക്ഷിപ്തം (പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ) | |
| മുന്നിരിപ്പ് | 3797751 |
| പ്രതീക്ഷിത വരവ് | 106479000 |
| ആകെ | 110276751 |
| പ്രതീക്ഷിത ചെലവ് | 108169244 |
| നീക്കിയിരിപ്പ് | 2107507 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുംപ്രകാരം സമയക്ലിപ്തത പാലിക്കാൻ ശ്രമം നടന്നിട്ടുണ്ട്. എന്നാൽ പ്രതീക്ഷിത വരവ്-ചെലവ് തുകകളും യഥാർത്ഥ വരവ് - ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. പർവതീകരിച്ച തുകകൾക്ക് പകരം യാഥാർത്ഥ്യത്തോട് ചേർന്നു പോകുന്ന തുകകൾ ഉൾപ്പെടുത്തി ബജറ്റ് യുക്തിസഹമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 17.06.2020 | - | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 7429000 | 7429000 | 6242860 | 1186140 |
| | എസ്.സി.പി | 0 | 2775000 | 2775000 | 804206 | 1970794 |
| | റ്റി.എസ്.പി | 0 | 139000 | 139000 | 139000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5680400 | 5680400 | 1582086 | 4098314 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 3251600 | 3251600 | 2521714 | 729886 |
| | റോഡ് | 0 | 8620000 | 8620000 | 2233348 | 6386652 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി(എസ്റ്റാബ്ലിഷ്മെന്റ് ) | 2655 | 706725 | 709380 | 709379 | 1 |
| | തൊഴിലാളി കളുടെ കൂലി & മെറ്റീരിയൽ | 0 | 5958646 | 5958646 | 5958646 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 25000 | 25000 | 25000 | 0 |
| | ഐ.സി.ഡി.എസ് | 208309 | 464807 | 673116 | 331463 | 341653 |

| | | | | | | |
|---|---|---|---|---|---|---|
| | ടോട്ടൽ സാനിറ്റേഷൻ | 1472816 | 432865 | 1905681 | 24000 | 1881681 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 1332691 | 130000 | 1462691 | 864308 | 598383 |
| | വിമുക്തി | 4630 | 0 | 4630 | 0 | 4630 |
| | ആധാർ ഇൻസെന്റീവ് | 9840 | 0 | 9840 | 9840 | 0 |
| | ആയുർവേദം | 300000 | 0 | 300000 | 271730 | 28270 |
| | സാക്ഷരത | 2592 | 105 | 2697 | 0 | 2697 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിലെ (റസീപ്റ്റ് & പേയ്മെന്റ്)വരവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബജറ്റ് വിഹിതം | ലൈഫ് ലോൺ | ജല അതോറിറ്റി | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം അക്കൌണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 742900 | 500000 | 394 | 6928606 | 5742466 |
| വികസനഫണ്ട് (SCP) | 2775000 | 44118 | 0 | 2730882 | 760088 |

# സ്രോതസിൽ നിന്നും കിഴിവ് ചെയ്ത ഗ്രാന്റുകളുടെ വിവരം ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഗ്രാന്റുകളുടെ, വരവ് വിവരങ്ങൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഗ്രാന്റുകളുടെ വരവ് ചെലവുകൾ ഗ്രാന്റ്/ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 05. 11. 2018 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 18. 11. 2018 , 19.11.2018 , 21.11.2018, 22.11.2018 |
| വികസനസെമിനാർ | 05. 12.2018 |
| ഭരണ/ സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 13.01.2019-ലെ 1നമ്പർ തീരുമാനം (അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 370/19/ഡിപിസി/ഡിപിഒ/ ഐഡികെ/തീയതി.01.03.2020 (ഭേദഗതിയുൾപ്പടെയുള്ള അന്തിമപദ്ധതി) |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ്₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1445000 | 6 | 732607 | 1 | 50.7 |
| വെറ്ററിനറി സർജൻ | 7 | 2809051 | 6 | 715259 | 1 | 25.46 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 5 | 1800000 | 3 | 1560000 | 2 | 86.67 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 1 | 200000 | 0 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 300000 | 1 | 300000 | 0 | 100 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 2 | 3000000 | 2 | 2392604 | 0 | 79.75 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 400000 | 1 | 100000 | 0 | 25 |
| സെക്രട്ടറി | 34 | 3906470 | 23 | 1490399 | 11 | 38.15 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 1 | 217941 | 0 | 0 | 1 | 0 |
| വി ഇ ഓ | 20 | 34147079 | 14 | 10059423 | 6 | 29.46 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 19715014 | 37 | 5353598 | 69 | 27.15 |
| ആകെ | 185 | 67940555 | 94 | 22903890 | 91 | 33.71 |

185 പ്രോജക്ടുകൾക്കായി ₹67940555/- വകയിരുത്തിയിരുന്നുവെങ്കിലും 94 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹22903890/- മാത്രമാണ് ചെലവ്)

പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം

1) വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ പദ്ധതി നിർവഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയതായ രേഖയില്ല.

2) ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ

03 തവണ വീതമാണ് ഗ്രാമസഭകൾ സമ്മേളിച്ചത്. പദ്ധതി ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

3) വികസന സെമിനാർ

വികസന സെമിനാർ സംഘാടനത്തിന്റെ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5)ഭരണസമിതി

വിവിധ തലങ്ങളിൽ നടത്തിയ വിശകലങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- 2018, 2019 വർഷങ്ങളിലെ പ്രളയം മൂലം സംസ്ഥാന സർക്കാർ നേരിട്ട ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക വർഷാവസാനമെത്തിയ കോവിഡ് ലോക്ക്ഡൗൺ എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി നിർവഹണത്തെ സാരമായി ബാധിച്ചു.
- പൂർത്തീകരിച്ച പല പ്രോജക്ടുകൾക്കും വർഷാവസാനം തുക പിൻവലിക്കാൻ സാധിക്കാതെ വരികയും ക്യൂ ബില്ലുകളിൽപ്പെടുകയും ചെയ്തത് തൻവർഷത്തെ മാത്രമല്ല തുടർന്നുള്ള വർഷത്തെ പദ്ധതി പ്രവർത്തനത്തെയും സങ്കീർണമാക്കി.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- ഭവന നിർമാണ മേഖലയിൽ ഏറ്റെടുത്ത LIFE-ന്റെ വിവിധ ഘട്ടങ്ങളിലൂടെ പ്രോജക്ടുകളിലൂടെ അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാനും ഭവനനവീകരണം നടത്തുവാനും അവസരമൊരുങ്ങി.
- സൃഷ്ടിച്ച ആസ്തികളുടെ ക്രോഡീകരണം, മൂല്യനിർണയം എന്നിവ പൂർത്തിയായിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി(എസ്റ്റാബ്ലിഷ്മെന്റ്) | 2655 | 706725 | 709380 | 709379 | 1 |
| | തൊഴിലാളി കളുടെ കൂലി & മെറ്റീരിയൽ | | 5958646 | 5958646 | 5958646 | |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | | 25000 | 25000 | 25000 | |

## 1-6 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 29 | 42120 |
| കർഷക തൊഴിലാളി പെൻഷൻ | 392 | 2180400 |
| വിധവാ പെൻഷൻ | 366 | 2143200 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1028 | 5770200 |
| വികലാംഗ പെൻഷൻ | 154 | 880400 |
| അവിവാഹിത പെൻഷൻ | 21 | 127200 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1347രൂപ (ആയിരത്തി മുന്നൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം)ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു,

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകുന്നു.
- കണക്കുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടുണ്ട്.
- സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.
- സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.
- സ്പിൽ ഓവർ പ്രോജക്റ്റുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളെ ദോഷകരമായി ബാധിക്കുന്നുണ്ട്.
- വരവിനങ്ങളുടെ പിരിവിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വസ്തു നികുതി ഡിമാന്റിലെ വൻകുടിശ്ശിക ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നു.

1-9 സെക്യേർഡ് ലോൺ- രജിസ്റ്റർ അപൂർണ്ണം

ലോൺ വരവ്-വിതരണ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമെങ്കിലും ലോൺ തിരിച്ചടവ്-നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. Balance Sheet – ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും തിരിച്ചടവ് വിവരങ്ങൾ I&E, R&Pഷെഡ്യൂളുകളിൽ വന്നിട്ടില്ല.

1-9-1 ആസ്തി രജിസ്റ്റർ കാലികമല്ല

(I) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

(Ii) വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-9-2 വസ്തു നികുതി-വർഷാവസാനം ലഭിക്കാനുള്ള തുക-സഞ്ചയ-സാംഖ്യ വ്യത്യാസം

വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വർഷാവസാനം ലഭിക്കാനുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| കുടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|

| | | |
|---|---|---|
| Arrears | 7435163 | 7463071 |
| Current | 1918260 | 1880928 |

1-9-3 ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് -കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹502267/- ആയിരിക്കെ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹597913/- യാണ്.

1-9-4 അസി എഞ്ചിനീയർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ-7/11350/2015/സി.ഇ/തസ്വഭവ./തീയതി.19.01.2017 സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയർ തയ്യാറാക്കി സൂക്ഷിക്കേണ്ട താഴെ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. റോഡ് രജിസ്റ്റർ.

2.ദർഘാസ് ഫോറരജിസ്റ്റർ.

3.അടങ്കൽ അനുമതി രജിസ്റ്റർ.

4.ഇ.എം.ഡി. രജിസ്റ്റർ.

5.കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ.

6.വെൽഫയർ ഫണ്ട് രജിസ്റ്റർ.

7. പ്രോജക്ട് രജിസ്റ്റർ.

1-10 ലോഡ്ജിങ്ങ് ഹൗസുകൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡായ പെരുമ്പള്ളിച്ചിറയിൽ നൂറുൽ ഇസ്ലാം ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപന സമുച്ചയത്തിന്റെ (AL-Azhar Group Of Instituitions ) പരിസരത്തുൾപ്പെടെ വിവിധ വാർഡുകളിലായി "ലോഡ്ജിങ്ങ് " ഗണത്തിൽപ്പെട്ട ധാരാളം സ്ഥാപനങ്ങൾ ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ച രേഖകളിൽനിന്ന് വ്യക്തമാണ്. ഇപ്രകാരം ലോഡ്ജ് ,അസംബ്ലി കെട്ടിടം, കല്യാണമണ്ഡപം എന്ന ഗണത്തിൽ 151 സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നുവെങ്കിലും അവയെല്ലാം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിയ്ക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് ഇത്തരം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിയ്ക്കുന്നതും പുറമേ നിന്നും ആളുകളെ താമസിപ്പിക്കുന്നതും സുരക്ഷാ ഭീഷണി ഉയർത്തുന്നതായി ചില സമകാലീന അക്രമ സംഭവങ്ങൾ വെളിവാക്കുന്നു. ഇത്തരം ലോഡ്ജിങ്ങ് ഹൗസുകൾ ലൈസൻസ് എടുത്ത് അധികൃതമായാണ് പ്രവർത്തിയ്ക്കുന്നതെന്ന് ഫീൽഡ് തല പരിശോധന വഴി ഉറപ്പാക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ്. ഇത് കൂടാതെ 7 കെട്ടിട നമ്പറുകളിലായി മൂന്ന് വ്യക്തികളുടെ ഉടമസ്ഥതയിൽ ഹോംസ്റ്റേകളും പ്രവർത്തിയ്ക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസോടുകൂടിയാണ് പ്രവർത്തിയ്ക്കുന്നതെന്ന് ഉറപ്പാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. കൂടാതെ നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

1-11 വിവിധ ലേലങ്ങൾ-നടപടിക്രമങ്ങളിൽ കാലതാമസം

പെരുമ്പിള്ളിച്ചിറ ഭാഗത്ത് തോട് പുറംപോക്കിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ആഞ്ഞിലി മരങ്ങൾ മുറിച്ച് മാറ്റുന്നതിനും വാല്യുവേഷൻ വാങ്ങി ലേലം ചെയ്യുന്നതിനും 22-08-2019- ലെ ഭരണസമിതി യോഗം തീരുമാനമെടുത്തിരുന്നു (തീരുമാന നം. 25/4 ). എന്നാൽ ഇത് സംബന്ധിച്ച്

തൻവർഷം തുടർ നടപടികളൊന്നുമുണ്ടായില്ല. തുടർന്ന് 20-04-2021 ലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ എ1-540/21 നമ്പർ കത്തുപ്രകാരം ₹121368/- ന്റെ വാല്യുവേഷൻ ലഭ്യമായിട്ടുണ്ട്. ടി തടികൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ച് മൂല്യം കുറയാൻ സാധ്യതയുള്ളതിനാൽ ആയതിന്റെ ലേല നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് തുക തനത് വരുമാനത്തിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

കൂടാതെ 21-12-2019 ലെ 17/1 കമ്മിറ്റി തീരുമാന പ്രകാരം കുമാരമംഗലം ഗവ.എൽ.പി.എസിലെ പഴയ ഓടുകൾ ലേലം ചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ ഇതും നടപ്പാക്കി കാണുന്നില്ല. ലേലം സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല . ഈ വിഷയങ്ങളിലേക്ക് മേലധികാരികളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണയിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവറിന്റെ വിവരങ്ങൾ | കെട്ടിട നമ്പർ |
|---|---|---|
| 1 | റീജിയണൽ മാനേജർ ബിഎസ്എൻഎൽ | 1/36B |
| 2 | റീജിയണൽ മാനേജർ ബിഎസ്എൻഎൽ | 12/188A |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്,എട്ടാം നില, വങ്കാരത്ത് ടവേഴ്സ് | 1/88A |

2010, 2013 വർഷങ്ങളിൽ പൂർത്തിയാക്കിയതായി കാണുന്ന ടി ടവറുകളുടെ വസ്തു നികുതി നാളിതുവരെ നിർണ്ണയിച്ച് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/17-09-21 ന് മറുപടി ഹാജരാക്കിയില്ല. സർക്കുലർ നമ്പർ 40395/ആർ സി2/2014/ തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും വസ്തു നികുതി ,കുടിശ്ശിക സഹിതം ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുകയും നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ നൽകേണ്ട വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക പ്രസ്തുത തീയതി വരെ ഈടാക്കുകയും ചെയ്യേണ്ടതാണ്.( കേരള പഞ്ചായത്ത് രാജ് നിയമം 235 A വകുപ്പിലെ നിബന്ധന കൂടി കാണുക ) അല്ലാത്ത പക്ഷം ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. യഥാസമയം നടപടി എടുക്കാത്തതിലുണ്ടായ വീഴ്ച മൂലം നികുതികളും മറ്റ് സംഖ്യകളും കാലഹരണപ്പെടുകയും അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണെന്ന് സ്ഥിരീകരിക്കുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക നിയമാനുസൃത പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണ്. നികുതി അസ്സസ്സ് ചെയ്ത് അടിയന്തിരമായി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-13 ഘടകസ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങൽ - തുക കൈമാറി ഒന്നര വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ ലഭ്യമായില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങൽ പ്രക്രിയകളിലെ മത്സരസ്വഭാവം നിലനിർത്തുന്നതിനായി സർക്കാർ GEM (Government E-Market Place ) എന്ന വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്ത വെണ്ടർമാരിൽ നിന്നു വാങ്ങലുകൾ സാധ്യമാക്കുന്നതിന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ 28.04.2018-ലെ ജി.ഒ(പി) നം.02/2018 നമ്പർ ഉത്തരവ് പ്രകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ പുതുതായി ഒരു അധ്യായം ( നം.19 )കൂടി

ഉൾപ്പെടുത്തി. എന്നാൽ കമ്പ്യൂട്ടർ സാമഗ്രികൾ നിർബന്ധമായും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ CPRCS (Centralised Procurement And Rate Contract System ) മുഖേന വാങ്ങണമെന്ന് സർക്കുലർ നം. IT Cell-1/26/2019 വിവരസാങ്കേതിക വകുപ്പ് തീ. 18.03.2019 , ജി.ഒ(പി )10/2019/ എസ്.പി.ഡി തീ. 22.08.2019 , സർക്കുലർ നം. IT Cell-1/106/2019 വിവരസാങ്കേതിക വകുപ്പ് തീ. 21.10.2019 എന്നിവ പ്രകാരം സർക്കാർ വിശദമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത ഒരു കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ട് CPRCS വെണ്ടറായ KELTRON മുഖേനയാണ് നടപ്പാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ :- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| പ്രോജക്ട് നം | പേര് | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| എസ് 112/2020 | ഈസ്റ്റ് കല്ലൂർ സ്കൂളിന് കമ്പ്യൂട്ടർവാങ്ങൽ (കമ്പ്യൂട്ടർ + UPS ) | 35452 | 1900552018401628269/ തീ.27.03.2020 |

തുക യഥാവിധി കൈമാറി ഒന്നര വർഷം കഴിഞ്ഞെങ്കിലും വിതരണ ഏജൻസി അവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹35452/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട സാമഗ്രികൾ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

<u>1-14 സ്വകാര്യ വ്യക്തികൾക്ക് വേണ്ടി ചെലവഴിച്ച തുക തിരികെ ക്രമീകരിച്ചിട്ടില്ല</u>

സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽ അപകടകരമായ അവസ്ഥയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റിയതിന് തനതു ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത വ്യക്തികളിൽ നിന്നും ചെലവു തുക ഈടാക്കി തനതു ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നംപർ/ തിയതി | തുക | റിമാർക്സ് |
|---|---|---|
| 51900208/3.7.2019 | 4000 | തങ്കമ്മ ചേന്നാട്ട്, രാജേഷ്, സാലി എന്നിവരുടെ പുരയിടത്തിൽ അപകട ഭീഷണിയായി നിന്ന മരങ്ങൾ മുറിച്ചുമാറ്റിയതിന് നല്കിയത് |
| 51900362/30.8.2019 | 1500 | ആനിക്കുഴിയിൽ ജോർജ്ജിന്റെ പുരയിടത്തിൽ നിന്ന റബ്ബർ മരങ്ങളുടെ ശാഖ വെട്ടി മാറ്റിയതിന് നല്കിയത്(W-5) |
| 21900356/16.9.2019 | 2746 | സാജു ചേന്നാട്ട് എന്നയാളുടെ പുരയിടത്തിലെ അപകട ഭീഷണിയായി നിന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വൈദ്യുതി ലൈൻ അഴിച്ചു മാറ്റുന്നതിന് KSEB യിൽ നല്കിയത് (W-2) |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 8246/- രൂപ പ്രസ്തുത വ്യക്തികളിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.₹8246/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-15 തുടർസാക്ഷരത- ചെലവഴിച്ച തുകയുടെ വിനിയോഗവിവരങ്ങളില്ല</u>

പ്രോജക്ട് നം. എസ് 178/2020
അടങ്കൽ – ₹20350/-(തനത് ഫണ്ട്) നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ചെലവഴിച്ച തുക :-19250/-രൂപ .വൗച്ചർ നം.973-3/2020തീ.31.03.2020

പത്താംതരം തുല്യതാ പരീക്ഷയ്ക്കുവേണ്ടി രജിസ്റ്റർ ചെയ്ത 11 ഗുണഭോക്താക്കൾക്കുവേണ്ടി കോഴ്സ് ഫീസായി 1750/- രൂപ നിരക്കിൽ 19250/-

രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് ഗ്രാമപഞ്ചായത്ത് തൻവർഷ പദ്ധതിയിൽ ഉൾപ്പെടുത്തി കൈമാറിയിരുന്നു. തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും കോഴ്സ് പൂർത്തീകരിച്ചതും , പരീക്ഷ എഴുതിയതും വിജയിച്ചതുമായ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ജില്ലാ മിഷൻ കോർഡിനേറ്റർ മുഖേന ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹19250/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഘടക സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾ-കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങളില്ല

നിർവ്വഹണോദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനദിന കണ്ടിൻജന്റ് ചെലവുകൾ നിർവഹിക്കുന്നതിനായി വാർഷിക എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതര വിഭാഗം )/ പൊതു ആവശ്യ ഗ്രാന്റ് / തനതു ഫണ്ട് വകയിരുത്തി ഒരു പ്രോജക്ട് രൂപീകരിച്ച് ആവശ്യമായ ഫണ്ട് മുൻകൂറായി അനുവദിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018-ലെ 22/2018 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച 13-ാം പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 8.8 ൽ വ്യവസ്ഥ ചെയ്തിരുന്നു. ഫണ്ടിന്റെ സമയബന്ധിതമായ ലഭ്യതക്കുറവു മൂലം ഘടക സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്, വെള്ളക്കരം , ടെലിഫോൺ ചാർജ് മുതലായ ആവർത്തനച്ചെലവുകൾക്ക് സർച്ചാർജ് ഒടുക്കേണ്ടി വരികയും അവ ഓഡിറ്റ് തടസ്സത്തിന് നിദാനമാകുകയും ചെയ്ത സാഹചര്യം വിലയിരുത്തിയാണ് ഇത്തരമൊരു സൗകര്യം ഏർപ്പെടുത്തിയത്. ഇതു പ്രകാരം അനുവദിക്കുന്ന തുകകൾക്ക് അതത് സ്ഥാപനങ്ങൾ തങ്ങളുടെ മേൽ നിയന്ത്രണാധികാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നും വൗച്ചറുകൾ സ്വയം സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തൻവർഷം സംരക്ഷണ ഗ്രാന്റിൽ നിന്ന് (റോഡിതര വിഭാഗം ) 1,00,000 - രൂപ വകയിരുത്തി ഒരു പ്രോജക്ട് രൂപീകരിക്കുകയും (എസ് 0115 / 2020 ) 191005520184008332 87 / തീ.16.11.2019 നമ്പർ ബിൽപ്രകാരം തുക പിൻവലിച്ച് ചുവടെ ചേർത്തിരിക്കുംപ്രകാരം ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയുമുണ്ടായി.

| ഘടക സ്ഥാപനം | അനുവദിച്ച തുക (രൂപ ) | ചെലവഴിച്ച തുക (രൂപ ) | നീക്കിബാക്കി(രൂപ ) |
|---|---|---|---|
| ഗവ.ആയുർവേദ ഡിസ്പെൻസറി | 7500 | | |
| ഗവ.ഹോമിയോ ഡിസ്പെൻസറി | 10000 | | |
| ഗവ.ഹോമിയോ ഡിസ്പെൻസറി (NHM ) | 3000 | | |
| കുടുംബ ആരോഗ്യ കേന്ദ്രം | 40000 | 40000 | 00 |
| ഗവ.വെറ്ററിനറി ഡിസ്പെൻസറി | 7500 | | |
| കൃഷി ഭവൻ | 10000 | | |
| ഗവ.എൽ.പി.എസ് കുമാരമംഗലം | 6000 | | |
| ഗവ.എൽ.പി.എസ് കല്ലൂർ | 10000 | | |
| പഞ്ചായത്ത്.എൽ.പി.എസ് | 6000 | | |
| ആകെ | 100000 | | |

തുക കൈപ്പറ്റിയ ഘടക സ്ഥാപനങ്ങളിൽ കുടുംബ ആരോഗ്യകേന്ദ്രത്തിനുവേണ്ടി ചെലവഴിച്ച ₹40000/- ഒഴികെയുള്ളവ മാർഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം വിനിയോഗ സാക്ഷ്യപത്രം ,ചെലവു വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിലെ വ്യവസ്ഥകൾപ്രകാരം ഒരു സാമ്പത്തിക വർഷത്തേക്ക് അനുവദിക്കുന്ന തുകകൾ അതാത് വർഷംതന്നെ വിനിയോഗിക്കേണ്ടതും വിനിയോഗശിഷ്ടമുള്ളപക്ഷം മാർച്ച് 31-ന് സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. സ്ഥാപനങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച തുക സാമ്പത്തികവർഷം കഴിഞ്ഞ് വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ടോയെന്ന് രേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 60000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2019-20 | 0 | | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | 10/19-20ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ | 500000 | 0 |
| | | 561225 | 11/19-20ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ-പട്ടികജാതി | 561225 | 0 |
| | | 63196 | 1 2/19-20ലൈഫ് ഭവനപദ്ധതി വീട് ലഭ്യമാക്കൽ-പട്ടികവർഗ്ഗം | 63196 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപപ്രവൃത്തികളൊന്നും നടത്തിയിട്ടില്ല .

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകനൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാതിരിച്ചടവ്

തൻവർഷം ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ 37,67,743/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| LIFEഭവന പദ്ധതിക്കുള്ള | ജി.ഒ(എം.എസ്) നം.68/2018/ | 67,20,000 | 2952257 | 37,67,743 | 544118 | 0 | 61,75,882 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹഡ്കോ വായ്പ (KURDFC മുഖേന ലഭ്യാക്കുന്നത് ) | എൽ.എസ്.ജി.ഡി തീ.18.05.2018 | | | | | | |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരുപ്പ് | ₹5248157 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹34656544 |
| ആകെ | ₹39904701 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹35415550 |
| നീക്കിയിരുപ്പ് | ₹4489151 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 122948 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 35452 | ശ്രീ ഷാജു മാത്യു സെക്രട്ടറി |
| 1-14 | 8246 | ശ്രീ ഷാജു മാത്യു |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-15 | 19250 | ശ്രീ ഷാജു മാത്യു<br>സെക്രട്ടറി |
| 1-16 | 60000 | ശ്രീ ഷാജു മാത്യു<br>സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റ വിവരം

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാജു മാത്യു സെക്രട്ടറി | സെക്രട്ടറി കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | മഞ്ചപ്പള്ളിൽ വീട് പെരുംമ്പള്ളിച്ചിറ പി .ഒ കുമാരമംഗലം ഇടുക്കി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ./838/ 86/ 01.01.1988 | - | - |
| 1979-80 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1980-81 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1981-82 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1983-84 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-7/767/18/<br>തീ.12.06.18 | 34, 35, 36,37,38, 40 | 6 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/<br>തീ.12.06.18 | 21 | 1 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/<br>തീ.12.06.18 | 3- 4, 3-5, 3-6 | 3 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ.9/407/11 തീ.10.05.2011 | 2-1, 2-4, 3-2, 3-3, 3-5, 3-6, 3-7 | 7 |
| 2007-08 | എൽ.എഫ്.ഐ.9/309/2012/ തീ.31.05.12 | 3-1, 3-2, 3-4 മുതൽ 3-13 വരെ | 12 |
| 2008-09 | എൽ.എഫ്.ഐ.7/602/14/ തീ.14.10.14 | 2-1, 3-1മുതൽ 3-7 വരെ | 8 |
| 2009-10 | എൽ.എഫ്.ഐ.9/711/13/ തീ.08.10.13 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3 | 7 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ-7/1257/ 17/ തീ.12.01.18 | 2-2, 3-2, 3-4, 3-5 | 4 |
| 2011-12 | കെ.എസ്.എ-ഐ.ഡി.കെ-7/1814/ 17/12.03.18 | 2-2(എ,ബി),3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10 | 9 |
| 2012-13 2013-14 | കെ.എസ്.എ-ഐ.ഡി.കെ-7/1025/ 14/ തീ.04.11.14 | 2-1, 3-2, 3-3, 3-4, 3-5 | 5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-7/595/18/ തീ.10.05.18 | 2-2, 3-2, 3-4, 3-6, 3-9 | 5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-7/1348/17/ തീ.23.10.17 | 2-1(ബി), 2-2, 3-1, 3-4, 3-5, 3-6, 3-7, 3-9 | 8 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-7/1234/17/ തീ.05.12.17 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5 | 10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-07/200/ 2019 തീ:23.03.2019 | 2-1, 2-2,3-2,3-3,3-4,3-5, 3-6,3-7,3-9,3-10,3-11 | 11 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-07/116/ 2020 തീ:07.03.202020 | 1-12 മുതൽ 1-30 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്